3

## ചോ:

# “മതത്തിൽ ബൈബിൾ മാത്രമാണ് നമ്മുടെ ഏക ആധിപത്യം എങ്കിൽ, ആളുകൾ എന്തുകൊണ്ടു ബൈബിളിനെ വ്യത്യസ്തമായി വ്യാഖ്യാനിക്കുന്നു?”

## ഉത്തരം:

“വാസ്തവത്തിലുള്ള മതം തിരുവെഴുത്തിൽ അടിസ്ഥാനപ്പെടുത്തിയ തായിരിക്കും” എന്നും “ബൈബിൾ പഠിപ്പിക്കാത്ത ഉപദേശം സ്വീകരി ക്കയില്ല”[1] എന്നും ആയിരുന്നു നവോത്ഥാന പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ തത്വങ്ങളിൽ ഒന്ന്.

ഒരേ സഹായിയാൽ നയിക്കപ്പെടുന്നു എന്ന് എല്ലാ സഭകളും അവകാ ശപ്പെടുന്നു, എന്നാൽ നൂറുകണക്കിനു അത്തരം സഭകൾ – വ്യത്യസ്ത ഉപ ദേശങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്!

എന്താണ് കുഴപ്പം? മതത്തിൽ ബൈബിൾ മാത്രമാണ് നമ്മുടെ ഏക അധികാരി എങ്കിൽ, പിന്നെ ആളുകൾ എന്തുകൊണ്ടാണ് അതിനെ വ്യത്യ സ്തമായി വ്യാഖ്യാനിക്കുന്നത്? ഒരേ ബൈബിളിൽനിന്നു നൂറുകണക്കിനു വ്യത്യസ്ത സഭകൾ ഉണ്ടാകുമ്പോൾ, തീർച്ചയായും ആശയവിനിമയത്തിൽ ഒരു കുഴപ്പം നിലനില്ക്കുന്നു. അതു ഒരു സൈന്യാധിപൻ തന്റെ സംഘ ങ്ങൾക്കു കല്പനകൾ കൊടുത്തയച്ചതുപോലെയാണ്. അവർ ആ കല്പന കൾ വായിച്ച ഉടനെ നൂറു കണക്കിനു സംഘങ്ങളായി പിരിഞ്ഞ്, ശത്രു വിനെ അല്ല, മറിച്ചു തമ്മിൽ തമ്മിൽ യുദ്ധം ചെയ്യുവാൻ തുടങ്ങുന്നു! അതേ രീതിയിൽ, ദൈവം നമുക്ക് അവന്റെ വചനം നല്കുകയും, നാം അതു വായിച്ചശേഷം, നൂറുകണക്കിനു സംഘങ്ങളായി പിരിഞ്ഞ്, ശത്രുവിനോട ല്ല, പിന്നെയോ, തമ്മിൽ തമ്മിൽ പൊരാടിക്കൊണ്ടിരിക്കുന്നു! എവിടെയോ എന്തോ കുഴപ്പം സംഭവിച്ചിരിക്കുന്നു!

എന്താണ് കുഴപ്പം? ആ ചോദ്യത്തിനാണ് നാം ഉത്തരം കണ്ടെത്തേണ്ടത്.

### അതു ആരുടെ തെറ്റാണ്?

ആദ്യം, നമുക്കു നമ്മോടു തന്നെ ചോദിക്കാം, അതു ആരുടെ തെറ്റ്?

എല്ലാ ആശയവിനിമയത്തിലും മൂന്നു കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു: ഒരു ഉറവിടം, ഒരു സന്ദേശം, സ്വീകരിക്കുന്ന ഒരാൾ. നിങ്ങൾ ഒരു സ്നേഹി തനു കത്തെഴുതുകയാണെങ്കിൽ, നിങ്ങളാണ് അതിന്റെ ഉറവിടം, സന്ദേശം നിങ്ങളുടെ കത്തും, സ്നേഹിതൻ അതു സ്വീകരിക്കുന്ന ആളുമാണ്. സംസാ രിക്കുന്ന ഏതു സാഹചര്യത്തിലും, സംസാരിക്കുന്ന ആളും (ഉറവിടം), ഒരു സംസാരവും (സന്ദേശം), ഒരു സദസും (സ്വീകരിക്കുന്നവർ) ഉണ്ട്. ബൈബി

ളിന്റെ കാര്യത്തിലും, ഈ മൂന്നു മൂലകങ്ങൾ അടങ്ങിയിട്ടുണ്ട്. 2 തിമൊഥെയൊസ് 3:16, 17 പരിഗണിക്കുക: "എല്ലാ തിരുവെഴുത്തും ദൈവ ശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു, തികഞ്ഞവൻ ആകേണ്ടതിന്നു; ഉപദേശത്തിന്നും, ശാസന ത്തിന്നും, ഗുണീകരണത്തിന്നും, നീതിയിലെ അഭ്യാസത്തിന്നും പ്രയോജന മുള്ളതു ആകുന്നു." ബൈബിൾ അഥവാ തിരുവെഴുത്ത് (സന്ദേശം) ദൈവ ത്താൽ (ഉറവിടം) മനുഷ്യർക്കു (സ്വീകരിക്കുന്നവർ) നല്കപ്പെട്ടതാണ്. അതു കൊണ്ടു, ദൈവവും മനുഷ്യരുമായുള്ള ആശയവിനിമയത്തിൽ എന്തെങ്കിലും പാളിച്ച സംഭവിച്ചിട്ടുണ്ടെങ്കിൽ, ഈ മൂന്നു ഘടകങ്ങളിൽ ഏതെങ്കിലും ഒന്നിലായിരിക്കും അതിന്റെ കാരണം ഉള്ളത്: അതു ഒന്നുകിൽ ദൈവത്തിന്റെ കുഴപ്പമോ, സന്ദേശത്തിന്റെ കുഴപ്പമോ, അതുമല്ലെങ്കിൽ സ്വീകരിച്ച മനുഷ്യ രുടെ കുഴപ്പമോ ആയിരിക്കും. എവിടെയാണ് തെറ്റു പറ്റിയത്?

**ദൈവത്തിന്റെ തെറ്റോ?**

ബൈബിൾ നമുക്ക് ഒരുപോലെ മനസിലാക്കുവാൻ കഴിയാതെ വന്ന തിന്റെ ഫലമായി നാം വ്യത്യസ്ത സഭകളായി പിരിഞ്ഞതു ദൈവത്തിന്റെ കുഴപ്പമാണോ?

ദൈവം മനുഷ്യരോടു കടങ്കഥയായിട്ടാണോ സംസാരിച്ചിട്ടുള്ളത്? അന്യ ദേവന്മാർ ജനത്തോട് സങ്കല്പിതമായി സംസാരിച്ചത് എന്തെങ്കിലും മനസി ലാകണമെങ്കിൽ, അതു പ്രയാസത്തോടെ മാത്രം മനസ്സിലാക്കുവാൻ വേണ്ടി യാണ്. ചിലപ്പോൾ അവരുടെ സന്ദേശങ്ങളിലെ ലക്ഷ്യങ്ങളിലുള്ള ആളുകളുടെ വിശ്വാസം അവരെ നാശത്തിലേക്കു പോലും നയിച്ചു.

നമ്മുടെ ദൈവം അതുപോലെയാണോ? രക്ഷിക്കുന്നതുപോലെ നശിപ്പി ക്കുന്ന ഒരു സന്ദേശം നല്കി ആശ തന്നിട്ടു അവൻ നമ്മെ ചതിക്കുമോ? ബൈബിൾ ഒരു കുഴപ്പിക്കുന്ന അല്ലെങ്കിൽ തുടർച്ചയായി കുഴപ്പിക്കുന്ന ഒന്നാണോ? അല്ല! ഒരാൾ എഴുതിയതുപോലെ,

> ചില ആളുകൾ അങ്ങനെ കരുതുമെങ്കിലും, ബൈബിൾ മനുഷ്യവർഗ്ഗ ത്തിനുള്ള ദൈവത്തിന്റെ കടങ്കഥയല്ല. അവർ അന്വേഷിക്കും, ഗവേഷണം നടത്തും, ഊഹിക്കയും, വെളിപ്പെടുത്തുകയും ചെയ്യും; അവർ ആ "ഉത്ത രവും" ഈ "ഉത്തരവും" ശ്രമിച്ചുനോക്കും; അവർ സംഖ്യകൾ കൂട്ടും, സംഖ്യകൾ ഹരിക്കും, സംഖ്യകൾ ഗുണിക്കും, സംഖ്യകൾ കുറക്കും. അവ സാനം ഒരു വേദഭാഗത്തിൽ ആരും കടന്നു ചെല്ലാത്ത മനോഹരമായ "വ്യാഖ്യാനം" നടത്തും ...
>
> ബൈബിൾ ഒരു കുഴപ്പിക്കുന്ന പ്രശ്നമല്ല; അതു ഒരു കടങ്കഥയല്ല; അതിനുള്ളിൽ ഒളിഞ്ഞു കിടക്കുന്ന അപ്രതീക്ഷമായ അർത്ഥങ്ങൾ ഇല്ല; അതു ഒരു ക്രോസ് വേഡ് പസിലുമല്ല.[2]

നാം ബൈബിൾ മനസിലാക്കണമെന്നു ദൈവം ആവശ്യപ്പെടു ന്നതുകൊണ്ടും അവൻ നീതി ഉള്ളവനായതുകൊണ്ടും ദൈവം നമ്മോടു കടങ്കഥയായി സംസാരിക്കുന്നില്ല. രക്ഷിക്കപ്പെടുവാനുള്ള സത്യം നാം അറി യണം (യോഹന്നാൻ 8:32). വചനപ്രകാരമാണ് നമ്മെ ന്യായം വിധിക്കു ന്നത് (യോഹന്നാൻ 12:48). നാം അറിയണമെന്നു ആഗ്രഹിക്കുകയും അതി

നാൽ അവസാനം നമ്മെ വിധിക്കുകയും ചെയ്യുമെങ്കിൽ, കുരുക്ക് അഴിക്കുവാൻ പ്രയാസമുള്ള, കടങ്കഥ തരുന്നത് ദൈവത്തെ സംബന്ധിച്ച് അന്യായമാണ്.

അതിലുപരിയായി, ദൈവം സ്നേഹവാനായതുകൊണ്ട് അവൻ നമ്മോടു കടങ്കഥയായി സംസാരിക്കയില്ല. തന്നെ സ്വയമായി രക്ഷപ്പെടുത്തുവാൻ കഴിയാതെ, മുങ്ങിത്താണുകൊണ്ടിരിക്കുന്ന ഒരാളെ കുറിച്ചു സങ്കല്പിക്കുക. അയാളെ രക്ഷിക്കുവാൻ കഴിയുന്ന ഒരാൾ കരയിൽ നിന്നു വിളിച്ചു പറയുന്നു, "നിങ്ങൾക്ക് ഈ കുരുക്ക് അഴിക്കുവാൻ കഴിഞ്ഞാൽ, ഞാൻ നിങ്ങളെ രക്ഷിക്കാം!" നാം നഷ്ടപ്പെട്ടവരും, പ്രത്യാശയില്ലാത്തവരും, നിസഹായരുമാണ്! അപ്പോൾ ദൈവം നമ്മെ രക്ഷിക്കുന്നതിനു മുൻപു കടങ്കഥയുടെ കുരുക്ക് അഴിക്കുവാൻ പറയുമോ? നമ്മുടെ ദൈവം അത്തരത്തിലുള്ള ദൈവം അല്ല!

മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദൈവം നമ്മോടു ബൈബിൾ മുഖാന്തരം കടങ്കഥയിൽ സംസാരിക്കുന്നില്ല കാരണം അവൻ നീതിമാനായതുകൊണ്ടു അങ്ങനെ ചെയ്യുന്നതു അന്യായമാണ്, അവൻ സ്നേഹവാനായതുകൊണ്ട് അങ്ങനെ ചെയ്താൽ അതു സ്നേഹമില്ലായ്മയാകും.

നേരെമറിച്ച്, മനുഷ്യന്റെ തലയ്ക്കപ്പുറമായി ദൈവം സംസാരിക്കുന്നതുകൊണ്ടു അതു ദൈവത്തിന്റെ കുറ്റമാകാം. ഇത് കൂടുതൽ വിശ്വാസയോഗ്യമായി തോന്നാം. എങ്ങനെയായാലും, ദൈവത്തിന്റെ വിചാരങ്ങളും വഴികളും മനുഷ്യന്റേതിൽ നിന്ന് വളരെ ഉയർന്നതാണ് (യെശയ്യാവ് 55:8, 9 നോക്കുക).

ദൈവത്തിന് നമ്മുടെ മനസ്സിലാക്കലിന്റെ നിലവാരത്തിനനുയോജ്യമായി ചിന്തിക്കുവാൻ കഴിയുന്നില്ല എന്നു പറയുന്നത് ദൈവത്തിന് ഒരു പ്രശംസ നൽകുവാനല്ല! ചിലപ്പോൾ നാം ഒരു പ്രാസംഗികനെ കുറിച്ച് പറയും: "എന്തൊരു നല്ല പ്രാസംഗികൻ! അവനെത്ര ആഴത്തിലാണ് സംസാരിക്കുന്നത്!'' അതിൽ നാം അർത്ഥമാക്കുന്നത് ഇതാണ്: ''അത് കേൾക്കാൻ നല്ലതായിരുന്നു, എന്നാൽ അവൻ പറഞ്ഞത് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല!" നാം അതു പറയുമ്പോൾ, നാം ആ പ്രാസംഗികനെ പ്രശംസിക്കുക*യല്ല* ചെയ്യുന്നത്. ഒരു പ്രാസംഗികൻ ആളുകളോടു സംസാരിക്കുമ്പോൾ അതവർക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ലെങ്കിൽ അയാൾ നല്ല ഒരു ആശയവിനിമയം അല്ല നടത്തുന്നത്! എന്നാൽ ചില പ്രാസംഗികർക്ക് ഏതൊരു വിഷമമുള്ള വിഷയമായാലും സാധാരണക്കാർക്ക് മനസ്സിലാക്കുവാൻ കഴിയുന്ന വിധത്തിൽ സംസാരിക്കുവാൻ കഴിയും. ദൈവം അവരെക്കാൾ കഴിവു കുറഞ്ഞവനോ?

അതിനെ കുറിച്ച് ഇങ്ങനെ ചിന്തിക്കുക: ഒരു പ്രാസംഗികൻ പ്രയാസമുള്ള വിഷയത്തെ പോലും ഗ്രഹിക്കാൻ കഴിയുന്നതാക്കുവാൻ, അയാൾ വിഷയത്തെയും, സദസ്സിനെയും, എങ്ങനെ ആശയവിനിമയം നടത്തണം എന്നതിനെയും അറിയേണ്ടത് ആവശ്യമാണ്. ദൈവത്തിനു തീർച്ചയായും അവന്റെ വിഷയം അറിയാം. തന്റെ സദസ്സിനെയും അവനു നന്നായി അറിയാം, കാരണം അവനാണ് മനുഷ്യനെ സൃഷ്ടിച്ചത്. അവന് ആശയവിനിമയം നടത്തുവാനും അറിയാം കാരണം അവൻ തന്നെയാണ് ആശയവിനിമയ നിയമം രൂപപ്പെടുത്തിയത്. തീർച്ചയായും മനുഷ്യന്റെ മനസ്സിലാക്കലിനനുസരിച്ചു അവന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായി ചിന്തിക്കുവാൻ

ദൈവത്തിനു കഴിയും!

മനുഷ്യന് മനസ്സിലാകുന്ന വിധത്തിൽ ദൈവത്തിന് സംസാരിക്കുവാൻ കഴിയുകയില്ല എന്നു നാം പറഞ്ഞാൽ, *ദൈവത്തിന് ചിലത് ചെയ്യുവാൻ ആഗ്രഹമുണ്ട്, എന്നാൽ സാദ്ധ്യമല്ല എന്നാണു നാം പറയുന്നത്!* അവന്റെ ശക്തിക്കപ്പുറമല്ല മനുഷ്യരോട് ആശയവിനിമയം നടത്തുക എന്നത്! നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്ന വിധത്തിൽ ഒരു വെളിപ്പാട് നൽകുവാൻ ദൈവ ത്തിന് ഒന്നുകിൽ കഴിയുന്നില്ല അല്ലെങ്കിൽ അവൻ അതിനു തയ്യാറല്ല എന്നു വരും. അത് ദൈവത്തിന്റെ കുറ്റം *അല്ല*!

**ബൈബിളിന്റെ തെറ്റോ?**

അതു ബൈബിളിന്റെ തെറ്റ് ആണോ? നമുക്കു മനസ്സിലാക്കാൻ *കഴി യാത്ത* ഒന്നാണോ ബൈബിൾ?

ദൈവത്തിന്റെ സത്യം പ്രകടിപ്പിക്കുവാൻ അസാദ്ധ്യമായ ഒന്നാണോ മാനുഷഭാഷ? ദൈവം ആശയവിനിമയം നടത്തുവാൻ ആഗ്രഹിക്കുന്ന സത്യ ങ്ങൾ പ്രകടിപ്പിക്കുവാൻ മതിയായ വാക്കുകൾ ഇല്ലേ? അങ്ങനെയെങ്കിൽ, മതം മാത്രമായിരിക്കും മനുഷ്യ ഭാഷക്ക് ഒതുങ്ങാത്ത വിഷയം. എല്ലാ കാല ത്തെയും എല്ലാ സത്യങ്ങൾ - ചരിത്രം, ശാസ്ത്രം, സാങ്കേതിക വിദ്യകൾ, മുതലായവയുടെ സത്യങ്ങൾ - മാനുഷിക ഭാഷയിൽ പ്രകടിപ്പിച്ചിട്ടുണ്ട്. മനുഷ്യനെ ചന്ദ്രനിൽ എത്തിക്കുവാനുള്ള ആശയവിനിമയം നടത്തുവാൻ മതിയായതാണ് മാനുഷ ഭാഷ എങ്കിൽ, എന്തുകൊണ്ടു മനുഷ്യനെ സ്വർഗ്ഗ ത്തിൽ എത്തിക്കുവാൻ അവനെ സഹായിക്കുവാൻ മാനുഷഭാഷ മതിയാ കുന്നില്ല?

ദൈവം തന്റെ ഹിതം മനുഷ്യനെ വെളിപ്പെടുത്തിയപ്പോൾ, അവൻ വാക്കുകളാണ് ഉപയോഗിച്ചത്. പൗലൊസ് സംസാരിച്ചു, “മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവു ഉപദേശിക്കുന്ന വചനങ്ങ ളാൽ തന്നേ” (1 കൊരിന്ത്യർ 2:13). ആത്മാവിന്റെ വെളിപ്പാട് *വാക്കുകളി*ലൂ ടെയാണ് വന്നത്. ദൈവസന്ദേശം വെളിപ്പെടുത്തുവാൻ വാക്കുകൾക്ക് സാധ്യ മല്ലെങ്കിൽ, പിന്നെ ദൈവത്തിന് അവൻ ചെയ്യുന്നതെന്ത് എന്ന് അറിയുവാൻ കഴിയുമായിരുന്നില്ല. അവൻ വാക്കുകൾ ഉപയോഗിച്ചു എന്ന വസ്തുത എന്നോടു പറയുന്നത് വാക്കുകൾ മതിയായതു തന്നെ എന്നാണ്.

മനുഷ്യ ഭാഷ മനസ്സിലാക്കുവാൻ പ്രയാസമുള്ള ദ്വയാർത്ഥത്തി ലുള്ളതാണോ? അങ്ങനെയായിരുന്നുവെങ്കിൽ, ബൈബിളിലെ ഏതൊരു വേദ ഭാഗവും പലകാര്യങ്ങളെ കുറിച്ച് അർത്ഥമാക്കുകയും, അതു പറയുന്നതെ ന്താണെന്ന് ആർക്കും ഒരിക്കലും തീർച്ചയാക്കുവാൻ സാധ്യമല്ലാതെയും വന്നേക്കാം. വസ്തുതാപരമായ കാര്യങ്ങളിൽ, വളരെ കുറച്ചു വിയോജിപ്പു ണ്ട്. ഉദാഹരണമായി, ആരാണ് ഇന്നത്തെ ഇൻഡ്യയുടെ പ്രസിഡന്റ്? നിങ്ങൾക്ക് എങ്ങനെ അറിയാം? കാരണം മനുഷ്യഭാഷയിൽ നിങ്ങൾക്ക് അതിനെ കുറിച്ചു ആശയവിനിമയം ലഭിച്ചിട്ടുണ്ട്. അതുകൊണ്ടു, ഭാഷ, പറ ഞ്ഞതിൽ ആളുകൾക്കു യോജിക്കാത്ത വിധം ദ്വയാർത്ഥമുള്ളതല്ല.

ഉയർത്തെഴുന്നേല്പ്പു പോലെ, ധാരാളം ദ്വയാർത്ഥ വിഷയങ്ങളുള്ള ഒന്നല്ല ബൈബിൾ. *ബൈബിളിന്റെ ഭാഷ*യിൽ നിന്നു യേശു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റു എന്ന കാര്യം എന്നല്ലാതെ മറ്റൊന്നും മനസ്സിലാ കുന്നില്ല.

ബൈബിൾ ഒരുപോലെ മനസ്സിലാക്കുവാൻ കഴിയുന്നില്ല എന്ന പ്രശ്നം ഭാഷ ദ്വയാർത്ഥമായതുകൊണ്ടാണ് എന്നതുമായി ബന്ധപ്പെട്ടവസ്തുതയല്ല, പക്ഷെ മറ്റുള്ള പുസ്തകങ്ങളെ പോലെ നാം ബൈബിൾ ശരിയായി പഠിക്കുന്നില്ല എന്നതുമായി ബന്ധപ്പെട്ട വസ്തുതയാണ്. നമ്മൾ പറയുന്നത് ഒരു ചരിത്രപുസ്തകത്തെ കുറിച്ചാണെന്നു വിചാരിക്കാം: "ജോർജ് വാഷിങ്ടൺ അമേരിക്കയുടെ ആദ്യത്തെ പ്രസിഡന്റ് ആയിരുന്നു എന്ന വാക്കുകൾ അതു വാസ്തവമാണ് എന്ന് അർത്ഥമാക്കാം അല്ലെങ്കിൽ മറ്റെന്തെങ്കിലും ആയും അർത്ഥമാക്കാം. ഞാൻ അതിൽ എന്റെ തിരഞ്ഞെടുപ്പ് നടത്തും." നാം ചരിത്രം ആ വിധത്തിൽ വായിക്കുകയില്ല; ബൈബിളും നാം അതുപോലെയല്ല വായിക്കേണ്ടത്. ഒരേ സമയത്ത് എതിരായ അർത്ഥങ്ങൾ വാക്കുകൾക്ക് ഉണ്ടാവുകയില്ല. നാം ബൈബിളിനെ സമീപിക്കുമ്പോൾ, നമ്മെ ഭാഷയുടെ ദ്വയാർത്ഥം പരാജയപ്പെടുത്തുന്നില്ല. പകരം, പ്രശ്നം നമ്മുടെ മനോഭാവത്തിനാണ്. കുറ്റം, ബൈബിളിൽ അല്ല കിടക്കുന്നത്, എന്നു നമുക്കു തീർച്ചപ്പെടുത്താം.

### മനുഷ്യന്റെ തെറ്റോ?

നമുക്ക് ബൈബിൾ ഒരേ പോലെ മനസ്സിലാക്കുവാൻ കഴിയാത്തത് മനുഷ്യന്റെ തെറ്റാണോ? ബൈബിൾ വ്യത്യസ്തമായി വ്യാഖ്യാനം ചെയ്തിരിക്കുന്നതിന്റെ കാരണം ദൈവം അല്ലെങ്കിൽ ബൈബിളല്ല എന്നതുകൊണ്ട്, അത് മനുഷ്യന്റെ തെറ്റു തന്നെയാകണം. മനുഷ്യർ തിരുവെഴുത്തുകളെ തെറ്റായി വ്യാഖ്യാനിക്കുന്നു. അതിന്റെ ഫലമായി, വായിക്കുന്ന ആളുകൾ തിരുവെഴുത്തുകളെ *തെറ്റിദ്ധരിക്കയും*, അവർ തിരുവെഴുത്തുകളെ *തെറ്റായി ഉപയോഗിക്കുകയും* ചെയ്യുന്നു. അങ്ങനെ അവർ ദൈവേഷ്ടം അനുസരിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു.

ആളുകൾ ചോദിക്കും: "എന്തുകൊണ്ട് ആളുകൾക്ക് ബൈബിൾ ഒരേ പോലെ മനസ്സിലാക്കുവാൻ കഴിയുന്നില്ല?" ഒരുത്തരം ഇതാണ്: "ബൈബിളും, കാലവും ആളുകൾക്ക് മനസ്സിലാക്കുവാൻ കഴിയാത്തതുകൊണ്ടാണ്." അവർ ബൈബിൾ *തെറ്റായി ധരിച്ചേക്കാം*, എന്നാൽ വ്യത്യസ്തരായ ആളുകൾക്ക് ദൈവപുസ്തകത്തിൽ നിന്ന് അഭിപ്രായവ്യത്യാസമുള്ള അർത്ഥങ്ങൾ ലഭിച്ചാൽ, അവർ തീർച്ചയായും അതെല്ലാം മനസ്സിലാക്കുന്നില്ല എന്നു വേണം കരുതാൻ.

### മനുഷ്യർ എന്തുകൊണ്ടു ബൈബിൾ തെറ്റായി വ്യാഖ്യാനിക്കുന്നു?

അതു നമ്മെ, എന്തുകൊണ്ട് പലരും ബൈബിളിനെ തെറ്റായി വ്യാഖ്യാനിക്കുന്നു? എന്നു ചോദിക്കുവാൻ ഇടവരുത്തുന്നു. അതിന് പല ഉത്തരങ്ങൾക്കും സാധ്യതയുണ്ട്.

*ചിലർ ബൈബിൾ വായിച്ച് പഠിക്കുന്നില്ല.* അവരുടെ ബൈബിൾ, അലമാരയിൽ പൊടിപിടിച്ചു കിടക്കുകയാണ്. "എനിക്ക് ബൈബിൾ ആ രീതിയിൽ മനസ്സിലാകുന്നില്ല," എന്ന് ചിലർ പറയുമ്പോൾ, അവർ അത് ഒരിക്കലും പഠിക്കാത്തതുകൊണ്ടാണ് അവർക്കതു മനസ്സിലാകാത്തത്. "വെളിപ്പാട് ശരിക്കും വായിച്ച ചിലരെ കണ്ടുമുട്ടുന്നതുവരെ, വെളിപ്പാട് പുസ്തകത്തിൽ പ്രാഗത്ഭ്യം തികഞ്ഞവനാണ് ഞാൻ എന്നു എന്നെക്കുറിച്ചു സ്വയം വിചാരിച്ചിരുന്നു" എന്നു പറയുന്ന, ചാർളി ബ്രൗൺ എന്ന കാർട്ടൂൺ കഥാപാത്രത്തെ

പോലെയാണ് ചിലർ. ബൈബിൾ പഠിക്കുവാൻ നിങ്ങൾ ഏറ്റവും നന്നായി ശ്രമിക്കുന്നതുവരെ ബൈബിൾ ശരിയായി മനസ്സിലാക്കുവാൻ കഴിയുമെന്ന് നിങ്ങൾ പ്രതീക്ഷിക്കരുത്! (മത്തായി 5:6; 2 തിമൊഥെയൊസ് 2:15; 1 പത്രൊസ് 2:2 നോക്കുക.)

*ബൈബിൾ സത്യമാണെന്ന് ചിലർ അംഗീകരിക്കുന്നില്ല*. ബൈബിളിൽ സത്യമുണ്ടെന്ന് അവർ സമ്മതിച്ചേക്കാം, പക്ഷെ അതാണ് സത്യമെന്നത് അവർ വിശ്വസിക്കുകയില്ല. അതിൽ സത്യത്തോടൊപ്പം അസത്യവും, വസ്തുതയോടൊപ്പം ഐതിഹ്യവും ഇടകലർന്നിരിക്കുന്നു എന്നാണ് അവർ കരുതുന്നത്. ചില കാര്യങ്ങളിൽ ബൈബിൾ വിശ്വസനീയമായി തോന്നുന്നില്ലെങ്കിൽ എങ്ങനെ അതിനെ ശരിയായി വ്യാഖ്യാനിക്കുവാൻ അവർക്കു കഴിയും? ബൈബിൾ മനസ്സിലാക്കുവാൻ, തിരുവെഴുത്തുകളോട് നിങ്ങൾക്ക് ശരിയായ മനോഭാവം ഉണ്ടായിരിക്കണം: ബൈബിൾ ദൈവത്തിന്റെ വചനമായി നിങ്ങൾ സ്വീകരിക്കേണ്ടതുണ്ട് (1 തെസലോനിക്യർ 2:13), നിങ്ങൾ അതിനെ സ്നേഹിക്കുകയും വേണം (2 തെസലോനിക്യർ 2:8-11).

*ചിലർക്കു തെറ്റിനോടാണ് പ്രത്യേക താൽപര്യം.* "വെസ്റ്റഡ് ഇന്ററസ്റ്റ്" എന്നതിനെ നിഘണ്ടു നിർവ്വചിക്കുന്നത് "മാറ്റത്തിൽ നഷ്ടമാകുന്ന ചിലതിനോടുള്ള താൽപര്യം" എന്നാണ്. നവോത്ഥാന പ്രസ്ഥാനത്തിലെ ഒരു അദ്ധ്യക്ഷനോട് പ്രെസ്ബിറ്റേറിയൻ ചർച്ചിൽ നിയമിതനായിരുന്ന സമയത്ത് ചോദിച്ചു, "നിങ്ങൾ ഫിലഡെൽഫിയ വിശ്വാസ പ്രമാണം ഏറ്റുപറയുന്നതിനെ അംഗീകരിക്കുന്നുണ്ടോ?" തന്റെ വിശ്വാസത്തിൽ വിഷമം നേരിട്ട, അയാൾ മറുപടി പറഞ്ഞു, "ഇതുവരെ അതു ബൈബിളിനോടു യോജിക്കുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്." ചിലർ അതിന് എതിരായിട്ടാണ് ചെയ്യുന്നത്: ഇതുവരെ ബൈബിൾ അവരുടെ വിശ്വാസപ്രമാണത്തോടു യോജിക്കുന്നതുകൊണ്ടു മാത്രം അവർ അതിനെ അംഗീകരിക്കുന്നു.

ചില സന്ദർഭത്തിൽ, സത്യം പഠിച്ചവരായ ആളുകൾ അവരുടെ ഉപദേഷ്ടാക്കന്മാരുടെ അടുക്കൽ ചെന്നു ചോദിക്കും: "ഇതിനെ സംബന്ധിച്ച് എന്തു പറയുന്നു?" അവർ പഠിച്ചതിനോട് ഉപദേഷ്ടാവിന് യോജിക്കുവാൻ കഴിയാത്തതിൽ അവർ ആശ്ചര്യപ്പെടുന്നു. എന്നാൽ അവർ എന്തുകൊണ്ടു ആശ്ചര്യപ്പെടുന്നു? ഒരു സഭയിലെ ഉപദേഷ്ടാവിന് ആ സഭ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് വിശ്വസിക്കുന്നതിൽ ഒരു പ്രത്യേക താല്പര്യം ഉണ്ടാവില്ലേ? അയാളുടെ ഉപജീവനമാർഗ്ഗം അതിനെ ആസ്പദമാക്കിയുള്ളതാണ്! വ്യത്യസ്തമായ ഒരു ഉപദേശം ശരിയാണെന്ന് സമ്മതിക്കുവാൻ അയാൾ തയ്യാറാവുന്നത് എന്തുകൊണ്ട്?

നമുക്കെല്ലാവർക്കും നാം വിശ്വസിച്ചുകഴിഞ്ഞിരിക്കുന്നതിൽ പ്രത്യേക താൽപര്യം ഉണ്ട്. നിങ്ങളുടെ വിശ്വാസങ്ങളെ മാറ്റുമ്പോൾ, അതു നിങ്ങൾക്ക് ചില നഷ്ടങ്ങൾ വരുത്തുന്നില്ലേ? അതുകൊണ്ടു, ബൈബിൾ ശരിയായി മനസ്സിലാക്കുവാൻ, എന്താണ് ആവശ്യം? ഒരു സത്യസന്ധമായ ഹൃദയം (ലൂക്കൊസ് 8:15). നിങ്ങൾക്ക് സത്യസന്ധമായ ഒരു ഹൃദയം ഉണ്ടെങ്കിൽ, എന്തും വിട്ടുകളയുവാൻ നിങ്ങൾ തയ്യാറാകും - അതെത്ര പ്രയോജനപ്രദവും, സൗകര്യപ്രദവും, അല്ലെങ്കിൽ ആശ്വാസപ്രദവുമായിരുന്നാലും - സത്യത്തെ കൈക്കൊള്ളുവാൻ അതെല്ലാം ഉപേക്ഷിക്കും!

*ചിലർ ബൈബിളിനെ ദുരഭിമാന ചിന്തയോടെയാണ് നോക്കുന്നത്.* അതായത് അവർ അതിനെ നിറമുള്ള കണ്ണാടിയിൽ കൂടെയാണ് കാണുന്നത്.

ചുവപ്പ് - നിറമുള്ള കണ്ണാടി കൊണ്ട് ലോകത്തെ നോക്കിയാൽ ലോകം മുഴുവനും ചുവന്നതായി കാണുന്നു, നീല - നിറമുള്ള കണ്ണാടിയിൽ കൂടെ നോക്കിയാൽ നിങ്ങൾക്കു ലോകം മുഴുവൻ നീലയായി കാണാം. ആളുകൾ ബൈബിളിനെ കുറിച്ചു അങ്ങനെയാണു കാണുന്നത്. അവർ വിശ്വസിച്ചിരിക്കുന്ന കാര്യങ്ങളെ ഉറപ്പിക്കുവാൻ ബൈബിളിലേക്ക് തിരിയുന്നു. ആ രീതിയിൽ അവർ ബൈബിളിനെ സമീപിക്കുമ്പോൾ, അവർ കാണുവാൻ ആഗ്രഹിക്കുന്നത് അവിടെ കാണുന്നു.

യെഹൂദന്മാരുടെ വെറുപ്പ് ക്രിസ്തുവിന്റെ അവകാശങ്ങളെ കാണുവാൻ ഇടയാക്കിയില്ല. അവരുടെ മുൻനിർണ്ണയ മാതൃകകളോടു അവനെ യോജിപ്പിക്കുവാൻ അവർക്കു കഴിഞ്ഞില്ല, അതുകൊണ്ടു അവർ അവനെ ക്രൂശിച്ചു. മത്തായി 16–നെ കുറിച്ചു ഞാൻ ഒരാളോടു സംസാരിക്കുകയായിരുന്നു, അവിടെ യേശു പറഞ്ഞ, "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും," എന്നത് എടുത്തുകൊണ്ട് ബൈബിൾ സാർവ്വദേശീയ ബിഷപ്പിനെ കുറിച്ചു പറയുന്നില്ല എന്ന് അയാളെ പഠിപ്പിക്കുവാൻ ഞാൻ ശ്രമിച്ചു. അയാളുടെ മറുപടി ഇതായിരുന്നു: "എന്നാൽ ആ വേദഭാഗം എന്റെ വിശ്വാസം അനുസരിച്ചു ഞാൻ വായിച്ചപ്പോൾ, ഞാൻ ഒരു സാർവ്വദേശീയ ബിഷപ്പിനെയാണ് അതിൽ കാണുന്നത്"

കുഴപ്പമെന്തെന്നാൽ നമ്മുടെ വിശ്വാസത്തിനനുസരിച്ചാണ് നാം ബൈബിൾ വായിക്കുകയും, അതുകൊണ്ടു, നാം കാണുവാൻ ആഗ്രഹിക്കുന്നത് മാത്രം കാണുകയും ചെയ്യുന്നു. നമുക്ക് എന്താണാവശ്യം? ഒരു തുറന്ന ഹൃദയവും - ബെരോവക്കാരെ പോലെയുള്ള ഒരു ശീലവും, തിരുവെഴുത്തുകളെ പരിശോധിച്ചു പൗലൊസ് പഠിപ്പിച്ചതു ശരിയാണോ എന്നു മനസ്സിലാക്കുക (പ്രവൃത്തികൾ 17:11). ബൈബിൾ ശരിയായി വ്യാഖ്യാനിക്കുവാൻ, ദുരഭിമാനം കൂടാതെ, നിങ്ങൾ പഠിച്ചിരിക്കുന്നത് സത്യമാണോ അല്ലയോ എന്ന് കണ്ടെത്തുവാൻ, തിരുവെഴുത്തുകളെ പരിശോധിക്കുകയാണ് വേണ്ടത്.

*ചിലർ അവരുടെ അഭിപ്രായങ്ങൾക്കനുസരിച്ചു തിരുവെഴുത്തുകളെ കോട്ടിക്കളയും.* പൗലൊസിന്റെ ലേഖനത്തിലുള്ള ചില കാര്യങ്ങളെ "അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ, ശേഷം തിരുവെഴുത്തുകളെപ്പോലെ, അതും തങ്ങളുടെ നാശത്തിന്നായി കോട്ടിക്കളയുന്നു" എന്നു പത്രൊസ് പറഞ്ഞിരിക്കുന്നു (2 പത്രൊസ് 3:16). ഒരാളുടെ അഭിപ്രായങ്ങൾ അനുസരിച്ചു തിരുവെഴുത്തുകളെ "കോട്ടി കളയുക" എന്നാൽ ഇതാണ്: "ഞാൻ അർത്ഥമാക്കുവാൻ ആഗ്രഹിക്കുന്നതുപോലെയുള്ള അർത്ഥം അതിനു ഇല്ലെങ്കിൽ, ഞാൻ അത്തരം അർത്ഥം അതിനു കൊടുക്കും!" ഒരുദാഹരണം എടുക്കാവുന്നത് 1 കൊരിന്ത്യർ 1:17 ആണ്, അവിടെ പൗലൊസ്, "ക്രിസ്തു എന്നെ സ്നാനം കഴിപ്പാനല്ല അയച്ചത്," എന്നു പറഞ്ഞതു പുതിയ നിയമം സ്നാനം പ്രാധാന്യമുള്ളതായി പഠിപ്പിക്കുമ്പോൾ, സ്നാനം അപ്രധാനം എന്ന് അർത്ഥമാക്കുവാനാണ്.

നാം വിശ്വസിച്ചതിൽ നിന്ന് വ്യത്യസ്തമായിട്ടാണ് ബൈബിൾ പഠിപ്പിക്കുന്നതെങ്കിൽ, നമ്മുടെ വിശ്വാസത്തിനനുസരിച്ച് തിരുവെഴുത്തുകളെ കോട്ടി കളയുന്നതിനു പകരം, തിരുവെഴുത്തുകൾക്ക് അനുയോജ്യമാകുന്ന വിധത്തിൽ നമ്മുടെ വിശ്വാസങ്ങളെ മാറ്റുകയാണു വേണ്ടത്.

*ചിലർ ബൈബിൾ പഠിക്കുന്നത് തെറ്റായ രീതികളിലാണ്.* ചിലയാളുകൾ

നല്ല ഹൃദയമുള്ളവരാണ്, അവർ ബൈബിളിനെ ബഹുമാനിക്കുന്നുണ്ട്, അവർ യുക്തിഹീനാഭിപ്രായമുള്ളവർ ആകുവാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ അപ്പോഴും അവർ തെറ്റു ചെയ്യുന്നു കാരണം അവർ അടിസ്ഥാനപരമായി ബൈബിൾ വ്യാഖ്യാന നിയമങ്ങൾ കാര്യമായെടുക്കുന്നില്ല. ഇതാ അവയിൽ ചില നിയമാവലികൾ:

1. സന്ദർഭം ശ്രദ്ധിക്കുക. ചോദിക്കുക, ആരാണു സംസാരിക്കുന്നത്? ആരോടാണു? എപ്പോഴാണ്? എന്തുദ്ദേശമാണുള്ളത്?
2. വിഷയത്തെ കുറിച്ചുള്ള *സകല*സത്യവും എടുക്കുക.
3. ബുദ്ധിമുട്ടുള്ളവ വ്യാഖ്യാനിക്കുവാൻ തുറന്ന വേദഭാഗത്തെ അനുവദിക്കുക.
4. അക്ഷരികവും ആലങ്കാരികവുമായ സംസാരത്തെ വേർതിരിച്ചറിയുക.
5. ചോദിക്കുക, "ആ വേദഭാഗം എന്നെ എങ്ങനെ ബാധിക്കും?"

ഉദാഹരണമായി, ക്രിസ്തു വീണ്ടും മടങ്ങിവരുമ്പോൾ ഈ ഭൂമിയിൽ ഒരു രാജ്യം സ്ഥാപിച്ച് ആയിരം ആണ്ടുവാഴും എന്നു അവർ പഠിപ്പിക്കുമ്പോൾ, ആളുകൾ ഈ നിയമാവലികളെ ലംഘിക്കുന്നു. അവർ ക്രിസ്തുവിന്റെ രാജ്യം ഐഹികമല്ല എന്നു പഠിപ്പിക്കുന്ന തുറന്ന വേദഭാഗത്തെ വിട്ടുകൊണ്ട് ആലങ്കാരികവും അസ്പഷ്ടവുമായ വേദഭാഗത്തെ അടിസ്ഥാനമാക്കിയാണ് വ്യാഖ്യാനിക്കുന്നത് (യോഹന്നാൻ 18:36).

*ചിലർ സത്യത്തെ മതിയായ രീതിയിൽ സ്നേഹിക്കായ്ക കൊണ്ടാണ് ബൈബിളിനെ ഇത്രയും തെറ്റായി വ്യാഖ്യാനിക്കുവാനുള്ള അടിസ്ഥാനപരമായ കാരണം.* 2 തെസലൊനിക്യർ 2:10–12 പരിഗണിക്കുക:

> ... അവർ [നശിക്കുന്നവർ] രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ, അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന്നു, ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു.

അതു പറയുന്നതു ശ്രദ്ധിക്കുക: (1) ചിലർ നശിക്കും. (2) അവർ ഭോഷ്ക്കു വിശ്വസിക്കയാൽ അത്രേ അവർ നശിക്കുന്നത്. (3) അവർ ഭോഷ്ക്കു വിശ്വസിക്കുവാൻ തക്കവണ്ണം അവരിലേക്ക് ദൈവം വ്യാജത്തിന്റെ വ്യാപാരശക്തി അയക്കും. (4) ഭോഷ്ക്കു വിശ്വസിക്കുവാൻ വ്യാജത്തിന്റെ വ്യാപാരശക്തി ദൈവം അവർക്കു അയക്കുവാൻ *കാരണം* അവർ "സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാലത്രെ." ഒരു മനുഷ്യന്റെ മനസ്സിൽ നിന്ന് സത്യത്തോടുള്ള സ്നേഹം പൊയ്പ്പോകുമ്പോൾ, ആ സ്ഥാനത്ത് ഭോഷ്ക്കു വന്നു നിറയുന്നു. യേശു പറഞ്ഞു, "അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും" (മത്തായി 7:7). സത്യം നാം താല്പര്യത്തോടെ അന്വേഷിക്കുമെങ്കിൽ, നാം അതു കണ്ടെത്തും! പ്രശ്നം എന്തെന്നാൽ ആളുകൾ സത്യത്തെ താല്പര്യത്തോടെ അന്വേഷിച്ചു കൈക്കൊള്ളുവാൻ അതിനെ സ്നേഹിക്കുന്നില്ല.

**ഉപസംഹാരം**

മറ്റു കാരണങ്ങൾ ഉണ്ടെങ്കിലും, ബൈബിൾ ആളുകൾ വ്യത്യസ്തമായ

രീതിയിൽ തർജ്ജിമ ചെയ്യുന്നത് എന്തുകൊണ്ട് എന്ന് അറിയുവാൻ ഇവ മതിയാകും.

ഈ ആശയങ്ങൾ നിങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും, തീർച്ചയായും ആളുകൾ വിയോജിക്കുന്നതു, ദൈവത്തിന്റേയോ, ബൈബിളിന്റെയോ തെറ്റല്ല എന്നു നിങ്ങൾ സമ്മതിക്കണം – അത് നമ്മുടെ തന്നെ തെറ്റാണ്! നാം വിയോജിക്കുമ്പോൾ, ഒരുപക്ഷെ *ഞാൻ* ശരിയായിരിക്കയില്ല, *നിങ്ങളും* ശരിയായിരിക്കയില്ല, എന്നാൽ ബൈബിൾ ശരിയാണ്! ഒരുപക്ഷെ നമുക്കു രണ്ടു പേർക്കും സത്യം നഷ്ടമായേക്കാം, എന്നാൽ സത്യം എന്നൊന്നുണ്ട്, അത് ബൈബിളിൽ നിന്ന് കണ്ടെത്തുവാനും കഴിയും.

വളരെ പേർ ബൈബിൾ തെറ്റായി വ്യാഖ്യാനിക്കുന്നതുകൊണ്ട്, എന്റെ വ്യാഖ്യാനം ശരിയാണ് എന്ന് എനിക്ക് എങ്ങനെ തീർച്ചപ്പെടുത്താൻ കഴിയും? ഏറ്റവും തീർച്ചയുള്ള തിരുവെഴുത്തുകളെ ആസ്പദമാക്കി പ്രവർത്തിക്കുക. ഉദാഹരണത്തിന്, സുവിശേഷത്തിൽ കല്പനകളും, വാഗ്ദാനങ്ങളും, വസ്തുതകളും അടങ്ങുന്നു. സുവിശേഷത്താൽ രക്ഷപ്രാപിക്കുവാൻ, അടിസ്ഥാനപരമായ വസ്തുതകളിൽ വിശ്വസിക്കുകയും, തീർച്ചയുള്ള കല്പനകൾ അനുസരിക്കുകയും, തുറന്ന വാഗ്ദാനങ്ങളെ പിന്തുടരുകയും ചെയ്യുക! നിങ്ങൾ ഒരു ക്രിസ്ത്യാനി അല്ലെങ്കിൽ, യേശു ദൈവപുത്രനാണെന്നുള്ള അടിസ്ഥാനപരമായ വസ്തുത നിങ്ങൾ വിശ്വസിക്കണം; മാനസാന്തരപ്പെടുവാനും സ്നാനപ്പെടുവാനും തീർച്ചയുള്ള കല്പനകളെ അനുസരിക്കണം (പ്രവൃത്തികൾ 2:38); പരിശുദ്ധാത്മാവു എന്ന വാഗ്ദാനവും, പാപമോചനവും, നിത്യജീവന്റെ പ്രത്യാശയും സ്വീകരിക്കുക! അത് വളരെ ലളിതമല്ലേ?

എന്തുകൊണ്ട് നിങ്ങളുടെ ജ്ഞാനത്താൽ കർത്താവു ചെയ്യണമെന്നാഗ്രഹിക്കുന്നതു നിങ്ങൾക്ക് പ്രവർത്തിച്ചുകൂടാ?

---

കുറിപ്പുകൾ

[1]ജെസ്സി ലൈമാൻ ഹേൾബട്ട്, *ദ സ്റ്റോറി ഓഫ് ദ ക്രിസ്റ്റ്യൻ ചർച്ച്* (ഫിലദെൽഫിയ: ജോൺ സി. വിൻസ്റ്റൺ കമ്പനി. 1933), 159–160. [2]ഫാന്നിങ് യേറ്റർ റ്റാന്റ്, "ദ ബൈബിൾ ഇസ് നോട്ട് എ കൊനൻഡ്രം," ഇൻ *ക്രിസ്റ്റ്യൻ റിപ്പോർട്ടർ*, വീക്ക്ലി പബ്ളിക്കേഷൻ ഓഫ് ദ സിറ്റി ബീച്ച് ചർച്ച് ഓഫ് ക്രൈസ്റ്റ്, പേർത്ത്, വെസ്റ്റേൺ ആസ്ട്രേലിയ, 22 ജനുവരി 1971.